"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വമിഷൻ - ജീവനക്കാര്യം - ശുചിത്വമിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന തദ്ദേശ സ്വയം ഭരണ വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയ ശ്രീ.ബിനോദ്.ജെ -യുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.197/2026/LSGD തീയതി, തിരുവനന്തപുരം, 24-01-2026

---

പരാമർശം:-

1. 10.05.2013-ലെ 42/2013/ധന. നം. സർക്കുലർ
2. 28.11.2013-ലെ സ.ഉ.(സാധാ) നം. 580/2013/ധന.
3. 12.12.2024-ലെ സ.ഉ.(സാധാ) നം.2442/2024/തസ്വഭവ
4. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07.01.2026, 15.01.2026 തീയതികളിലെ SM//1118/2024-B നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയ ശ്രീ.ബിനോദ്.ജെ യെ ശുചിത്വമിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3) പ്രകാരം നിയമിക്കുകയുണ്ടായി. ടിയാളുടെ അന്യത്രസേവന കാലാവധി 16.01.2026 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (4) കത്ത് പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർ ത്ഥിക്കുകയുണ്ടായി. ശ്രീ.ബിനോദ്.ജെ യെ ശുചിത്വമിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ അന്യത്രസേവനകാലാവധി 16.01.2026 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിക്കുന്നതിന് എതിർപ്പില്ലെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വമിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയ ശ്രീ.ബിനോദ്.ജെ-യുടെ അന്യത്രസേവന കാലാവധി കെ.എസ്.ആർ. ഭാഗം I ചട്ടം 140 (സി) യിലെ വ്യവസ്ഥകൾക്കും, അന്യത്രസവനം സംബന്ധിച്ച് പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 17.01.2026 മുതൽ ഒരു വർഷത്തേക്കു കൂടി (രണ്ടാം തവണ) ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിനീത വി ആർ

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

ശ്രീ.ബിനോദ്. ജെ (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ ജി&എസ്.എസ്.എ.), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി: (LSGD-IA2/4/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 24-01-2026 13:31:13